# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 - 26

## സെന്റ് മാർട്ടിൻസ് യു.പി. സ്കൂൾ
## നീണ്ടകര

ഉപജില്ല - തുറവൂർ

വിദ്യാഭ്യാസ ജില്ല - ചേർത്തല

റവന്യൂ ജില്ല - ആലപ്പുഴ

അധ്യയനവർഷം - 2025 - 26

Email Id - 34342thuravoor@gmail.com

Phone no - 9446252627

# ഉള്ളടക്കം


ആമുഖം — ......... 1

ആശയങ്ങൾ — ......... 2

അഭിപ്രായം/നിർദ്ദേശം — ......... 3

ലക്ഷ്യങ്ങൾ — ......... 4

പ്രതിസന്ധികൾ പരിമിതികൾ — ......... 5

ഉപമേഖല ഭാഷ — ......... 6

ഇംഗ്ലീഷ് — ......... 7

യു. പി. സയൻസ് — ......... 8

യു. പി. സാമൂഹ്യശാസ്ത്രം — ......... 9

യു. പി. ഹിന്ദി — ......... 10

യു. പി ഗണിതം — ......... 11

# ആമുഖം

ആലപ്പുഴ ജില്ലയിലെ വടക്കും പടിഞ്ഞാറേ അറ്റത്തും എറണാകുളം ജില്ലയിലെ കിഴക്കായും സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയം സാമൂഹികമായും സാംസ്കാരികമായും സാമ്പത്തികമായും ഭൂമിശാസ്ത്രപരമായും ഏറെ പിന്നോക്കം നിൽക്കുന്നു. ഈ സ്കൂൾ കോടംതുരുത്ത് പഞ്ചായത്ത് 1-ാം വാർഡിൽ നീണ്ടകര പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. 1966 ജൂൺ 1 ന് പ്രവർത്തനമാരംഭിച്ച ഈ സ്കൂൾ ഒരു നാടിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് സഹായകമായി. എറണാകുളം അങ്കമാലി വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ സ്കൂളിലെ ആദ്യകാല സാരഥികൾ ബഹു. റവ. ഫാ. കുര്യാക്കോസ് വാഞ്ഞാലിയും ഹെഡ്മിസ്ട്രസ് സി. ആന്റിസയുമായിരുന്നു. ഇന്ന് സ്കൂളിന് മാർഗ്ഗനിർദ്ദേശവുമായി കോർപ്പറേറ്റ് മാനേജർ റവ. ഫാ. തോമസ് നങ്ങേലിമാലിയും അസി. മാനേജർ റവ. ഫാ. ബെന്നി പാലാട്ടിയും ഒപ്പമുണ്ട്.

1970-80 കാലഘട്ടത്തിൽ ഈ സ്കൂൾ യു.പി സ്കൂളായി അപ്ഗ്രേഡ് ചെയ്തു. സ്കൂളിലെ ആദ്യകാല പഠിതാക്കൾ, അധ്യാപകർ, പ്രൊഫസർ, അഡ്വ എഞ്ചിനീയർ, ISRO ഉദ്യോഗസ്ഥൻ, കേന്ദ്രസംസ്ഥാന

ഉദ്യോഗസ്ഥർ എന്നീ വിവിധ തൊഴിൽ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചു വരുന്നു.

# ആശയങ്ങൾ

സ്കൂളിലെ 99% കുട്ടികളും സാമ്പത്തികമായും സാമൂഹികമായും ഏറെ പിന്നോക്കം നിൽക്കുന്ന ചുറ്റുപാടുകളിൽ നിന്ന് വരുന്നവരാണ്. ഈ ഗ്രാമം വിദ്യാസമ്പന്നരും, അഭ്യസ്ത വിദ്യരുമായ സമൂഹത്തെ വാർത്തെടുക്കേണ്ടത് ഈ ഗ്രാമത്തിലെ ഒരേയൊരു പൊതുവിദ്യാലയമായതിന്റെ ആവശ്യകതയാണ്. അറിവിനോടൊപ്പം പ്രായോഗിക കാഴ്ചപ്പാടുള്ള നാളത്തെ പൗരൻമാരെ സൃഷ്ടിക്കേണ്ടത് ആകണം. പാഠ്യേതര പ്രവർത്തനങ്ങൾക്ക് ഏറെ പ്രാധാന്യം നൽകണം. കുട്ടികളിൽ പ്രവർത്തനാധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം മൂല്യബോധം ഊട്ടിയുറപ്പിക്കുന്ന പ്രവർത്തനങ്ങളിലൂടെ നാട് ഉന്നതിയിലെത്തുകയും പൊതുവിദ്യാഭ്യാസത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുകയും ചെയ്യണം. ഇത്തരത്തിൽ നാടിന്റെ പൊതുവായ വളർച്ചയ്ക്കും ഉന്നമനത്തിനും വേണ്ടി പ്രയത്നിക്കുന്ന പ്രതിബദ്ധരായ സമൂഹത്തെ കാഴ്ചവയ്ക്കുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഈ സ്കൂളിലെ ആസന്നഭാവിയിൽ നടക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## നിർദ്ദേശങ്ങൾ

സാമൂഹിക പ്രതിബദ്ധതയുള്ള തലമുറയെ സൃഷ്ടിച്ചെടുക്കേണ്ടത് കാലത്തിന്റെ അനിവാര്യതയാണ്. പാഠപുസ്തകങ്ങൾക്കപ്പുറം ഒരു ലോകമുണ്ടെന്ന കാഴ്ചപ്പാട് വളർത്തി പൊതുവിദ്യാഭ്യാസത്തിനും പൊതുസമൂഹത്തിനും ഉപകാരപ്രദമാകുന്നതരത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാനും നടപ്പിൽ വരുത്തുവാനും കഴിവുള്ള തലമുറയെ സൃഷ്ടിക്കുകയെന്നത് ഒരു വെല്ലുവിളി സൃഷ്ടിക്കുന്നു. ഇത്തരം പ്രതിസന്ധികളേ വെല്ലുവിളികളേയും തരണം ചെയ്യുവാനുള്ള മനോഭാവം രൂപപ്പെടും വണ്ണം ആസന്നഭാവിയിൽ രാഷ്ട്രത്തെ പ്രതിനിധാനം ചെയ്യുന്ന പ്രതിഭാശാലികളായ മക്കളെ സൃഷ്ടിക്കാൻ ഈ സ്കൂളിന് കഴിയുമെന്ന് പ്രത്യാശിക്കുന്നു

## അഭിപ്രായം

പഠനത്തിനൊപ്പം പാഠ്യേതരപ്രവർത്തനങ്ങളിൽ കഴിവും സാമർത്ഥ്യവുമുള്ള കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുന്നു. സമൂഹത്തിന്റെ നാനാതുറകളിലും ഈ വിദ്യാലയത്തിന്റെ പൂർവ്വവിദ്യാർത്ഥികൾ മികച്ച സേവനം ചെയ്തുവരുന്നു എന്നത് ഏറെ അഭിമാനകരമാണ്.

# ലക്ഷ്യങ്ങൾ

- ✓ വിദ്യാലയത്തിലെ ഓരോ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരം നൽകുക.

- ✓ ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി ക്ലാസ്മുറികൾ ഹൈടെക് ആക്കുക.

- ✓ ജൈവവൈവിധ്യ ഉദ്യാനം നിർമ്മിച്ച് ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയം സാക്ഷാത്കരിക്കുക.

- ✓ പരിസ്ഥിതി സംരക്ഷണം - പരിസ്ഥിതി പ്രവർത്തനങ്ങളിൽ മാതൃക സൃഷ്ടിക്കുക.

- ✓ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുക. അതുവഴി കഴിവിന്റെ സാധ്യമായ ഉയർന്ന തലങ്ങളിൽ എത്തിക്കുക.

- ✓ വ്യക്തികൾ ചേർന്നാണ് സമൂഹം രൂപപ്പെടുന്നതെന്നും കുട്ടി ഒരു സാമൂഹ്യ ജീവിയാണെന്നുമുള്ള കാഴ്ചപ്പാട് രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ നൽകുക.

- വിഷയാധിഷ്ഠിത ആശയങ്ങൾ/തത്വങ്ങൾ മനസ്സിലാക്കാനുള്ള അവസരം നൽകുക.

- ഓരോ കുട്ടിയുടെയും ആത്മവിശ്വാസം വളർത്തി അവരുടെ വ്യക്തിത്വം ഉൾക്കൊണ്ടുകൊണ്ട് പൂർണ്ണ വികാസം ഉറപ്പിക്കുക.

## പ്രതിസന്ധികൾ/പരിമിതികൾ

മത്സ്യബന്ധനവും മറ്റ് അനുബന്ധ തൊഴിലുകളെയും ആശ്രയിച്ചു ജീവിക്കുന്ന ഇവിടത്തെ ജനവിഭാഗം സാമ്പത്തികമായി വളരെ ബുദ്ധിമുട്ടനുഭവിക്കുന്നു. സാമ്പത്തികമായ ഈ പിന്നോക്കാവസ്ഥ കുട്ടികളുടെ പഠനനിലവാരത്തെ ബാധിക്കുന്നു.

സാമ്പത്തിക പ്രതിസന്ധി വികസനപ്രവർത്തനങ്ങളുടെ നടത്തിപ്പിന് വളരെ പ്രതിസന്ധി സൃഷ്ടിക്കുന്നു. കുട്ടികളുടെ എണ്ണം കുറയുന്നത് ഒരു പ്രധാനപ്രശ്നമാണ്. പൊതുഗതാഗതത്തിന്റെ അപര്യാപ്തത സ്കൂളിലേയ്ക്കുള്ള യാത്രയ്ക്ക് വളരെ വെല്ലുവിളി ഉയർത്തുന്നു.

# ഉപമേഖല - ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം ഉചിതമായി ഉപയോഗിക്കാനും വായിക്കാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | പഠനനില കണ്ടെത്തൽ പ്രീ ടെസ്റ്റ് നടത്തുക<br>· ദിനാചരണങ്ങൾ പരിസ്ഥിതിദിനം, ലഹരിവിരുദ്ധദിനം, വായനദിനം, ബഷീർ ദിനം, ചാന്ദ്രദിനം പ്രകൃതിസംരക്ഷണദിനം | ജൂൺ ജൂലൈ | ക്ലാസ്സ് അധ്യാപകർ, മലയാളം അധ്യാപകർ | പി.ടി.എ |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ കണ്ടെത്തി തിരിച്ചറിയൽ<br>മലയാളം അസംബ്ലി സ്വാതന്ത്ര്യദിനം, കർഷകദിനം | ഓഗസ്റ്റ് സെപ്റ്റംബർ<br>ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് അധ്യാപകർ | പൂർവ്വ വിദ്യാർത്ഥി |
| · വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക് | അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് വായനക്കാർഡ് നിർമ്മാണം. പത്രവായന, | ഒക്ടോബർ നവംബർ<br>അക്കാദമിക വർഷം മുഴുവൻ | ക്ലാസ്സ് അധ്യാപകർ | പൂർവ്വ വിദ്യാർ |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ലഘു നാടകങ്ങൾ | നവംബർ ഡിസംബർ | ക്ലാസ്സ് അധ്യാപകർ | പി.ടി |

# English

| Aim | Activities | Month | source |
|---|---|---|---|
| To encourage Listening speaking. Introduce different generes (fiction. non fiction, poetry.) Enhance vocabulary. | storytelling, group discussions and role plays to improve speaking skills. Vocabulary games and exercises to build word knowledge. | June | D.T.A |
| To encourage Reading develop basic reading, writing listening and speaking skills. | Divide students into small groups and provide them with age-appropriate texts, such as short stories. Encourage students to take reading aloud. Listening comprehension exercises using audio stories. | July. | old sk |
| To develop writing skills. introduce grammatical concepts such as parts of speech, tenses, sentence structure. Develop basic | Expanding vocabulary with context clues from passage. Improve sentence structure. practice for simple creative writing tasks like paragraphs | August - December | PT |

# മേഖല. സാമൂഹ്യശാസ്ത്രം. (U.P)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ, ഇവ പരിശോധിക്കൽ, നേടിയെടുക്കൽ. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് ഓരോ പഠിതാവിനും പ്രവർത്തനങ്ങൾ നൽകുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യ ശാസ്ത്ര അധ്യാപക |
| പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | ICT സാധ്യത ഉപയോഗിച്ച് ലോകത്തിലെ ചരിത്രപ്രധാന സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കുന്നു. | ജൂൺ ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാ |
| ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ്. സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതി [illegible] മനസ്സിലാക്കുക. | ഓഗസ്റ്റ് സെപ്റ്റംബർ | സാമൂ ശാസ്ത്ര അധ്യ |
| പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങ [illegible] | പ്രകൃതിദുരന്തങ്ങളുടെ തീവ്രത മനസ്സിലാക്കുന്നു. I.CT സാധ്യത, Fireforce officers. | അക്കാദമിക വർഷം | സാ ശാ അധ |

# മേഖല - യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം |
|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | P.T.A |
| | വംശനാശഭീഷണി നേരിടുന്ന സസ്യങ്ങൾ കണ്ടെത്തുന്നു. ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം. കണ്ടൽക്കാട് സന്ദർശനം. | ജൂലൈ | P.T.A |
| | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസ്സുകൾ ആവശ്യമായ പരീക്ഷണ കിറ്റുകൾ തയ്യാറാക്കുന്നു. | അക്കാദമിക വർഷം | P- |
| ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക. അധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യുക. | | | |

| മേഖല · യു.പി ഹിന്ദി | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ |
| 1 U.P തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | · അക്ഷരം പതിപ്പിച്ച് ചിത്രം ഉറപ്പിക്കൽ<br>· Class ൽ അക്ഷരമാല പ്രദർശനം<br>· വാക്കുകൾ പതിപ്പിച്ച കാർഡുകൾ<br>· വാക്കുകൾ നിർമ്മാണം<br>· വാക്യനിർമ്മാണം | June to August | BRC ലെ Resource teacher. |
| 2 വീട് ഒരു പരീക്ഷണശാല (ക്ലാസിനുന്നതിനും) ചേർക്കുന്നതിനും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക. | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടുത്തിയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>ICT സഹായത്തോടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | september to october | ഹിന്ദി ടീച്ചർ |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും ഭാഷകൾ | | | |

## മേഖല: യു. പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശില്പശാല നമ്പർ കാർഡ്, മഞ്ചാടിക്കുരു, മിഠായികൾ, ഉപയോഗിക്കുന്നു. | ജൂൺ ജൂലൈ | ഗണിത അധ്യാപകർ |
| 2. ആസ്വാദ്യമായ ഗണിതശാസ്ത്ര പഠനവും ഗവേഷണ ശേഷികളുടെ വികാസവും | ഒറിഗാമി ശില്പശാല ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നു ഗണിത സവിശേഷത പരിചയപ്പെടുത്തുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ |
| ഗണിതം മധുരമാക്കൽ | ഗണിത പാർക്ക് ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത അധ്യാപക P.T.A |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിന് പ്രയോജനപ്പെടുത്തുന്നു | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ ഐ.ടി സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് കുട്ടികൾ ഉൾക്കൊള്ളുന്നതിൽ ഉറപ്പിക്കാൻ സഹായിക്കുന്നു. | ഒക്ടോബർ നവംബർ ഡിസംബർ | ഗണിത അധ്യാപ |